## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (വി.എച്ച്.എസ്.ഇ വിഭാഗം) കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

പൊതുവിദ്യാഭ്യാസം-വി.എച്ച്.എസ്.ഇ-ജീവനക്കാര്യം-യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ താൽക്കാലിക സ്ഥാനക്കയറ്റം-ശ്രീമതി.രഞ്ജിനി നാരായണൻ, എൽ.ഡി.ടൈപ്പിസ്റ്റ്, പൊതുവിദ്യാഭ്യാസ വകുപ്പ് (വി.എച്ച്.എസ്.ഇ പരീക്ഷാവിഭാഗം)- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (ഇ8) വിഭാഗം

ഉത്തരവ് നം.ഇ8/1520/2020 തിരുവനന്തപുരം, തീയതി 5.08.2022.

---

പരാമർശം:- 1. ജി.ഒ(പി) നം.27/2021/ഫിൻ തീയതി 10.2.2021
2. ഈ കാര്യാലയത്തിലെ 17.09.2021 തീയതിയിലെ ഇ8/1520/20 നമ്പർ ഉത്തരവ്.
3. ഈ കാര്യാലയത്തിലെ 18.12.2021 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

### ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് വി.എച്ച്.എസ്.ഇ വിഭാഗത്തിലെ ടൈപ്പിസ്റ്റ് തസ്തികകളിൽ താഴെപ്പറയും പ്രകാരം അംഗബലം നിജപ്പെടുത്തി പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

എൽ.ഡി.ടൈപ്പിസ്റ്റ് - 4
യു.ഡി ടൈപ്പിസ്റ്റ് - 4
സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് - 3
സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് - 3

പൊതുവിദ്യാഭ്യാസ വകുപ്പ് (വി.എച്ച്.എസ്.ഇ വിഭാഗം) ഡയറക്ടറേറ്റിലെ യു.ഡി. ടൈപ്പിസ്റ്റ് ശ്രീമതി.ബീനാസാം 31.5.2022 ൽ സർവീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ 1.6.2022 മുതൽ യു.ഡി.ടൈപ്പിസ്റ്റിന്റെ ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്.

പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച വകുപ്പിലെ എൽ.ഡി.ടൈപ്പിസ്റ്റിന്റെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയറായ എൽ.ഡി.ടൈപ്പിസ്റ്റ് ശ്രീമതി.രഞ്ജിനി നാരായണന് യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതിനാൽ ജനറൽ റൂൾ 31(a) i പ്രകാരം ശ്രീമതി.രഞ്ജിനി നാരായണന് 1.6.2022 പൂർവ്വാഹ്നം പ്രാബല്യത്തിൽ താൽക്കാലികമായി യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

മേൽ സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് വി.എച്ച്.എസ്.ഇ പരീക്ഷാവിഭാഗത്തിലെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തിക യു.ഡി.ടൈപ്പിസ്റ്റ് തസ്തികയായി ഉയർത്തി ശ്രീമതി.രഞ്ജിനി നാരായണനെ നിലവിലെ ലാവണത്തിൽ തുടരുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

കെ.എസ് ബിന്ദു
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താക്കൾ:-

1. ശ്രീമതി.രഞ്ജിനി നാരായണൻ
2. അക്കൗണ്ട്സ് (എ2 വിഭാഗം)
3. സീനിയർ സൂപ്രണ്ട് (എസ്റ്റാബ്ലിഷ്മെന്റ് & പരീക്ഷാവിഭാഗം)
4. വെബ്സൈറ്റ് (വി.എച്ച്.എസ്.ഇ. വിഭാഗം)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ജെ.ബി.എസ് - 8.08.2022